**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട പി.വി. പത്മനാഭന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(സാധാ) നം.838/2025/RD തീയതി, തിരുവനന്തപുരം, 05-04-2025

---

പരാമർശം:- 20.11.2023 തീയതിയിലെ ശ്രീമതി. ബീന മാമ്മൂട്ടിൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

കണ്ണൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായിരുന്ന പുതിയ വീട്ടിൽ പത്മനാഭൻ എന്നയാൾ ജോലി കഴിഞ്ഞ് ആറാട്ടുകടവിലെ സ്വന്തം വീട്ടിലേക്ക് പോകുന്ന വഴി കേരള കർണ്ണാടക അതിർത്തിയിൽ വച്ച് 2019 ആഗസ്റ്റ് 9-നു കർണ്ണാടക സംസ്ഥാനത്തിലെ പുളിങ്ങോം ഫോറസ്റ്റിൽ വെച്ച് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് ടിയാന്റെ ഭാര്യ പരാമർശ പ്രകാരം നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് കാട്ടാനയുടെ ആക്രമത്തിൽ കൊല്ലപ്പെട്ട പി.വി. പത്മനാഭന്റെ ആശ്രിതർക്ക് ധനസഹായമായി **1 ലക്ഷം** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന തുകയായ **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Apsara T T
Date: 05-04-2025 16:40:03

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്